പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 06.02.2020-ൽ മറുപടിക്ക്

ചോദ്യം നം. 1403

# പട്ടിക വിഭാഗത്തിൽപ്പെട്ടുന്നവർക്ക് ക്ഷേമനിധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ. രാജൻ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | പുഴയിൽ നിന്ന് മീൻ പിടിച്ച് ഉപജീവനം നടത്തുന്ന ഒല്ലൂർ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടുന്ന വർക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾക്ക് അപേക്ഷയുടെയും അർഹതയുടെയും അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ നല്കിവരുന്നു. ഒല്ലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടുന്ന ഉൾനാടൻ മത്സ്യഗ്രാമത്തിലെ പുഴയിൽ നിന്നും ജലസംഭരണികളിൽ നിന്നും മത്സ്യം പിടിക്കുന്ന ക്ഷേമനിധി അംഗത്വമുള്ള ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ക്ഷേമനിധി മാർഗ്ഗരേഖ അനുസരിച്ച് അർഹമായ എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്. |
| (ബി) | ഇവർക്ക് മത്സ്യബന്ധന ഉപകരണങ്ങളും ഇൻഷ്വറൻസ് പരിരക്ഷയും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | നിലവിൽ ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ലിസ്റ്റിൽ ഉൾപ്പെട്ടുന്ന എല്ലാവർക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതി നിലവിലുണ്ട്. ഉൾനാടൻ മേഖലയിൽ മത്സ്യബന്ധന ഉപകരണങ്ങൾ നല്കുന്ന പദ്ധതി വകുപ്പ് മുഖേന നടപ്പാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ